Lalith Babu

# വിവരാവകാശ നിയമപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷ, അപ്പീൽ എന്നിവ സ്വീകരിക്കേണ്ട ചുമതല സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരിൽ നിക്ഷിപ്തമാണ്

*ചോദ്യം (i) & (ii)*:–4-11-2006-ന് രജിസ്റ്റേർഡ് തപാലിൽ ഹർജിക്കാരൻ രണ്ടാം എതൃകക്ഷിക്ക് അയച്ച അപേക്ഷ 7-11-2006-ന് ലഭിച്ചതായും, ടി അപേക്ഷ തീർപ്പു കൽപ്പിച്ച് ഹർജിക്കാരന് 14-12-2006-ന് ഓഫീസിൽ നിന്നും അയച്ചതായും കമ്മീഷൻ കണ്ടെത്തി. അപേക്ഷ തീർപ്പാക്കി മറുപടി നൽകുന്നതിന് 37 ദിവസം വേണ്ടി വന്നു. അനുവദനീയമായ 30 ദിവസം കഴിക്കുകയാണെങ്കിൽ 7 ദിവസം കാലതാമസം വരുത്തിയിട്ടുണ്ട്. അപേക്ഷ തീർപ്പാക്കി സമയബന്ധിതമായി മറുപടി നൽകേണ്ട ചുമതല പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമായതിനാൽ വകുപ്പ് 7(1)-ന്റെ ലംഘനത്തിന് ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശിക്ഷാർഹനാണ്.

*ചോദ്യം (iii)* : വിവരാവകാശ നിയമപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ, പരാതികൾ, അപ്പീൽ ഹർജികൾ എന്നിവ സ്വീകരിക്കേണ്ടതും ആയവ ബന്ധപ്പെട്ട അധികാരികൾക്ക് സമയബന്ധിതമായി നൽകേണ്ട ചുമതല ഓരോ ഓഫീസുകളിലേയും സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമാണ്. ശ്രീ. ജോർജ്ജ് 2-11-2006-ൽ നൽകിയ അപേക്ഷയ്ക്ക് കൈപ്പറ്റു രസീത് നൽകി സ്വീകരിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ ശ്രീ. കൂട്ടാക്കുകയുണ്ടായില്ല. ഇത് വിവരാവകാശ നിയമത്തിന്റെ ലംഘനവും ആയത്, കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിനെതിരെ 3-11-2006 തീയതി വെച്ച് പരാതി വിദ്യാഭ്യാസ ഉപഡയറക്ടർ ഗൗരവത്തോടെ കൈകാര്യം ചെയ്തിട്ടില്ല.

മേൽ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുന്നു:

(i) ഹർജിക്കാരന്റെ 2-11-2006-ലെ അപേക്ഷ തീർപ്പാക്കുതിൽ ഉണ്ടായ 7 ദിവസത്തെ കാലതാമസത്തിന് വകുപ്പ് 20(1) അനുശാസിക്കുന്ന പിഴശിക്ഷാ നടപടികൾ രണ്ടാം എതൃകക്ഷിക്കെതിരെ സ്വീകരിക്കുതാണ്. ഇതു സംബന്ധിച്ച് രണ്ടാം എതൃകക്ഷിയിൽ നിന്നും രേഖാമൂലം സമാധാനം ആവശ്യപ്പെടാം.

(ii) 3-11-2006-ൽ ഹർജിക്കാരൻ സമർപ്പിച്ച പരാതി വിദ്യാഭ്യാസ ഉപഡയറക്ടർ അന്വേഷിച്ച് പത്തു ദിവസത്തിനുള്ളിൽ തീർപ്പു കൽപ്പിച്ച് തീരുമാനം കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

അപ്പീൽ ഹർജി ഇപ്രകാരം അനുവദിച്ച് ഇന്നേദിവസം 2007 മാർച്ച് മാസം 5-ന് കമ്മീഷൻ ഉത്തരവാകുന്നു.